# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1795 06.03.17 ൽ മറുപടിയ്ക്ക്

**ബീക്കൺ ലൈറ്റ്**

| | ചോദ്യം<br>ശ്രീ.എൻ.ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മോട്ടോർ വാഹന നിയമ പ്രകാരം ബീക്കൺ ലൈറ്റ് ഘടിപ്പിക്കുവാൻ അനുവാദമുള്ളത് ഏതെല്ലാം ഉദ്യോഗസ്ഥർക്കാണെന്ന് വിശദീകരിക്കുമോ; | (എ) | മോട്ടോർവാഹന നിയമ പ്രകാരം ബീക്കൺ ലൈറ്റ് ഘടിപ്പിക്കുവാൻ അനുവാദമുള്ള ഉദ്യോഗസ്ഥരുടെ വിവരം സർക്കാരിന്റെ വിവിധ വിജ്ഞാപനങ്ങൾ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം സംസ്ഥാന ഗവർണർ, മുഖ്യമന്ത്രി, ചീഫ് ജസ്റ്റിസ്, സ്പീക്കർ, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ഹൈക്കോടതി ജഡ്ജിമാർ എന്നിവരുടെ വാഹനങ്ങളിൽ ചുവന്ന ഫ്ലാഷറോടുകൂടിയ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.<br>ഡെപ്യൂട്ടി സ്പീക്കർ, ചീഫ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ, ഇലക്ഷൻ കമ്മീഷണർ, പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ, പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ ചെയർമാൻ എന്നിവർക്ക് ഫ്ലാഷറില്ലാത്ത ചുവന്ന ലൈറ്റ് ഘടിപ്പിക്കാവുന്നതാണ്. കൂടാതെ 19.03.2014-ലെ ജി.ഒ.(പി)28/14/ഗതാ. പ്രകാരമുള്ള ഉത്തരവിലെ പട്ടിക I,II എന്നിവയിൽ പരാമർശിക്കുന്ന വിശിഷ്ട വ്യക്തികളുടെ തുല്യപദവിയിൽ നിയുക്തരായിട്ടുള്ളവർക്കും, യഥാക്രമം ഫ്ലാഷറോടുകൂടിയതും അല്ലാത്തതുമായ ചുവന്ന ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.<br>എസ്കോർട്ട്/പൈലറ്റ് പോവുന്ന പോലീസ് വാഹനങ്ങൾ, പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങൾ, പ്ലാനിംഗ് ബോർഡ് അംഗങ്ങൾ, ഗവൺമെന്റ് സെക്രട്ടറിമാർ, ജില്ലാ ജഡ്ജിമാർ, ജില്ലാ കളക്ടർ, നോർക്കയുടെ വൈസ് ചെയർമാൻ, |

| | | | |
|---|---|---|---|
| | | | ജില്ലാ പോലീസ് മേധാവികളും അതിലും ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്കും ട്രാൻസ്പോർട്ട് കമ്മീഷണർ, സർവ്വകലാശാല വൈസ് ചാൻസലർ, ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസിലെ അഡീഷണൽ ചീഫ് കൺസർവേറ്ററും അതിലും ഉയർന്ന ഉദ്യോഗസ്ഥരും, എൻക്വയറി കമ്മീഷൻ& സ്പെഷ്യൽ ജഡ്ജ്, വിജിലൻസ് ട്രൈബ്യൂണൽ, കമാണ്ടന്റ് കം ഡിവിഷണൽ സെക്യൂരിറ്റി ഓഫീസർ-റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവർക്ക് ഫ്ലാഷറുള്ളതോ ഇല്ലാത്തതോ ആയ നീല ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.<br>ആംബുലൻസ്, ഫയർ സർവ്വീസ്, എമർജൻസി സർവ്വീസ് വാഹനങ്ങൾ, ക്രമസമാധാനവുമായി ബന്ധപ്പെട്ട പോലീസ് വാഹനങ്ങൾ, വനം വകുപ്പിലെ ടെറിറ്റോറിയൽ വിഭാഗം, വൈൽഡ് ലൈഫ്, ഫ്ലയിംഗ് സ്ക്വാഡ് എന്നിവയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർക്ക് മൾട്ടികളേഡ് ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. |
| (ബി) | ഇപ്രകാരം അനുവദിക്കപ്പെട്ട ഉദ്യോഗസ്ഥർ അല്ലാത്തവർ ബീക്കൺ ലൈറ്റ് ഘടിപ്പിച്ച് യാത്ര ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇപ്രകാരം അനുവദിക്കപ്പെടാത്ത ഉദ്യോഗസ്ഥർ ബീക്കൺ ലൈറ്റ് ഘടിപ്പിച്ച് യാത്ര ചെയ്യുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിക്കുമോ? | (സി) | അത്തരത്തിൽ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ ആയത് നീക്കം ചെയ്യാൻ കർശന നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ അനധികൃതമായി ബീക്കൺ ലൈറ്റ് ഉപയോഗിച്ച് യാത്ര ചെയ്യുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ